**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5761** **08-07-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷാ ലാബുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എത്ര ലാബുകൾക്ക് എൻ.എ.ബി.എൽ അക്രിഡിറ്റേഷൻ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി വിജ്ഞാപനം ചെയ്ത തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം ലബോറട്ടറികളിലെ കെമിക്കൽ വിഭാഗത്തിൽ റഗുലേഷൻ പ്രകാരമുള്ള സ്റ്റാൻഡേർഡ്സിനും കൂടാതെ Pesticide, Antibiotic Residues, Metals, Toxins, Fatty Acid Profile, Food Additives എന്നീ പരിശോധനകൾക്ക് ഗുണനിലവാര മാനദണ്ഡ പ്രകാരം NABL അംഗീകാരമുണ്ട്. അക്രഡിറ്റേഷൻ ലഭിക്കുന്നതിന് ISO/IEC 17025:2017 പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിരിക്കേണ്ടതാണ്.<br><br>പ്രസ്തുത ലബോറട്ടറികളിലെ മൈക്രോബയോളജി വിഭാഗത്തിന് കൂടി **NABL** അക്രഡിറ്റേഷൻ ലഭിക്കുന്നതിനായി **NABL – FSSAI** മാനദണ്ഡ പ്രകാരം **Turnkey** വ്യവസ്ഥയിൽ നിശ്ചിത നിലവാരത്തിൽ സജ്ജീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം എറണാകുളം, കോഴിക്കോട് മൈക്രോബയോളജി ലബോറട്ടറികൾ നിശ്ചിത നിലവാരത്തോടുകൂടി സജ്ജീകരിച്ച് ഇതിനകം ഉദ്ഘാടനം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ലാബിൽ മൈക്രോബയോളജി വിഭാഗം അത്തരത്തിൽ സജ്ജീകരിയ്ക്കുന്നതിനുള്ള പ്രവർത്തികൾ അന്തിമഘട്ടത്തിലാണ്. മൂന്നു ലബോറട്ടറികളിലും മൈക്രോബയോളജി വിഭാഗത്തിനുകൂടി സമയബന്ധിതമായി **NABL** അക്രഡിറ്റേഷൻ ലഭിയ്ക്കുന്നതിനായി **Central Institute of Fisheries Technology,** കൊച്ചിയുമായി കൺസൾട്ടൻസിക്കായി ധാരണാ പത്രം ഇതിനകം ഒപ്പുവച്ചിട്ടുള്ളതും പ്രവർത്തികൾ ആരംഭിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ